പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2740 — 14-02-2013 - ൽ മറുപടിയ്ക്ക്

## ചിത്താരി റഗുലേറ്റർ കം - ബ്രിഡ്ജ്

| ചോദ്യം<br>ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) | മറുപടി<br>ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) കാസർഗോഡ് ജില്ലയിൽ ചിത്താരി റഗുലേറ്റർ–കം-ബ്രിഡ്ജിന് സാമ്പത്തിക സഹായം ലഭ്യമായിട്ടുണ്ടോ;<br>(ബി) എങ്കിൽ എത്ര ലക്ഷം രൂപയ്ക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ ; | (എ) &(ബി)<br>കാസർഗോഡ് ജില്ലയിൽ ചിത്താരി റഗുലേറ്റർ കം-ബ്രിഡ്ജിൻെറ നവീകരണ പ്രവൃത്തിക്ക് 160 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) നിരക്കുവർദ്ധനവുമൂലമുള്ള അധിക തുക ലഭ്യമാക്കുന്നതിനായി പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) പൊതുമരാമത്ത് നിരക്ക് വർദ്ധനവുമൂലമുള്ള അധിക തുക ലഭ്യമാക്കുന്നതിനായി 283 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സൂപ്രണ്ടിംഗ് എഞ്ചിനീയർ നല്കിയിരുന്നു. എന്നാൽ ഭരണാനുമതി ലഭിച്ച തുകയായ 160 ലക്ഷം രൂപയായി ചുരുക്കി എസ്റ്റിമേറ്റ് നല്കുന്നതിനുള്ള നിർദ്ദേശം ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും), സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നല്കിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത പ്രവർത്തിക്ക് സാങ്കേതികാനുമതി നൽകി എന്ന് ആരംഭിക്കാനാവും എന്ന് വ്യക്തമാക്കാമോ ? | (ഡി) പുതുക്കിയ നിരക്കിലുള്ള 160 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭിക്കുന്നതനുസരിച്ച് സാങ്കേതികാനുമതി നല്കി ഏപ്രിൽ 2013-ൽ തുടങ്ങി 2014 മാർച്ച് 31-ാം തീയതിക്കകം പൂർത്തീകരിക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ

3